(c) why are the women applicants overlooked in the matter of selection as teachers?

Sri. T. K. Narayana Pillai:

(a) Yes.

(b) Yes.

(c) Claims of women candidates are not overlooked in the matter of selection.

ശ്രീ. എൻ. പി. വട്ടിസ്: എത്ര പ്രൈമറി സ്കൂളുകളിൽ ടീച്ചേഴ്സിന്റെ വേക്കൻസികൾ ഇപ്പോൾ ഉണ്ടെന്നു് ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ സൂക്ഷ്മമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. പി. വട്ടിസ്സ്: ആയിരക്കണക്കിനു് വേക്കൻസികൾ ഉണ്ടെന്നു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആയിരക്കണക്കിനു് ഇല്ല.

ശ്രീ. എൻ. പി. വട്ടിസ്സ്: വേക്കൻസി ഉള്ള സ്കൂളുകളിൽ നിയമനങ്ങൾ നടത്താത്തതുകൊണ്ടു് വളരെ വിഷമമുണ്ടെന്നു് ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വേക്കൻസി ഉള്ളിടിക്കിൽ കുറെ വിഷമമുണ്ടാകുമെന്നറിയാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: നിയമനം നടത്തുന്നതിനു് എന്താണു് ഇത്ര താമസം നേരിടുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വേക്കൻസി ഉള്ള ടിക്കുകളിൽ നിയമനം നടത്തിവരികയാണു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇത്രയും താമസത്തിനുള്ള കാരണം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: താമസമില്ല. നിയമനം നടന്നുകൊണ്ടിരിക്കയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അപേക്ഷകളില്ലാത്തതുകൊണ്ടാണോ നിയമനം നടത്തുന്നതിനു് താമസിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. അപേക്ഷകൾ വളരെയുണ്ടു്.

SUSPENDED OFFICERS

***902.** [18] **Sri. N. P. Varghese:** Will the Hon'ble the Chief Minister be pleased to state whether charges have been framed and enquiry started about the officers recently suspended by Government?

Sri. T. K. Narayana Pillai: In some cases charges have already been framed; in several cases necessary steps are being taken to frame the charges.

ശ്രീ. എൻ. പി. വട്ടിസ്സ്: സസ്പെൻഡ ചെയ്തിട്ടു് എത്രകാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം മൂന്നുമാസമായി.

Sri. N. P. Varghese: May I know how long are they to be kept suspended like this?

Sri. T. K. Narayana Pillai: They are to be kept so. The necessary charge sheets are being framed.

ശ്രീ. എ. കെ. പാച്ചുപിള്ള: മി. ഹരിഹിരന്റെ പേരിലുള്ള ചാർജ്ജുഷീറ്റു് തയ്യാറാക്കികഴിഞ്ഞോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചാർജ്ജു ഷീറ്റു് തയ്യാറാക്കികഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു് കോടതിയിൽ കൊടുത്തോ?

ശ്രീ. ടി. കെ. നാരായണപിള്ള: കോടതിയിൽ ഉടനെ കൊടുക്കുന്നതാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അവർ നിരപരാധികളാണെന്നു് കോടതിയിൽ വിധിക്കുന്നപക്ഷം, അവരുടെ സസ്പെൻഷൻ കാൻസൽ ചെയ്യാൽ അവർ വെറുതെ ഇരുന്ന കാലത്തേക്കു് ശമ്പളം കൊടുക്കേണ്ടിവരികയില്ലേ?

ശ്രീ ടി. കെ. നാരായണപിള്ള: അതു ഒരു ഹൈപ്പോത്തറിക്കൽ കാസ്റ്റ്യനാണു്.

Sri. N. P. Varghese: Are the Government aware of frustration in the minds of officials on account of their having been put on suspension for long?

Sri. T. K. Narayana Pillai: The sense of frustration and despair referred to will be varying with individuals.

LIBRARY ARCHIVES Kerala Legislative Assembly

Sri. N. P. Varghese : But are the Government aware of the sense of frustration created in the official world?

Sri. T. K. Narayana Pillai : Government are not aware of that.

CONFIRMATION

*903. [19] **Sri N. P. Varghese :** Will the Hon'ble the Cheif Minister be pleased to state.— are Government aware that many vacant posts are not yet filled up though there are a large number of officers who have been acting in those vacant posts for many years?

Sri. T. K. Narayana Pillai: All posts that are required for the efficient functioning of the department of Government have been filled up. Officiating posts are quite common in Government service and confirmations will be ordered after integration of all ranks of services is completed.

ശ്രീ. എൻ. പി. വർഗ്ഗീസ് : അഞ്ചും ആറും കൊല്ലം ആക്ട് ചെയ്തിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെയുള്ളവരും ഉണ്ടെന്നു് ഗവണ്മെൻറിനു് അറിയാം.

ശ്രീ. കെ. എ. മാത്യു : അനേകം കൊല്ലം സർവ്വീസുള്ള ഗവണ്മെൻറ് സ്റ്റാഫ് ടീച്ചേഴ്സിനെ സ്ഥിരപ്പെടുത്താതെയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. കെ. എ. മാത്യു : സർവ്വീസ് ഇൻറിഗ്രേഷനു മുമ്പു് ഇതൊക്കെ തീരുമാനിക്കപ്പെടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : സർവ്വീസ് ഇൻറിഗ്രേഷനു് മുമ്പു് നടക്കുമോ എന്നു് അറിഞ്ഞുകൂടാ. ഏതായാലും അവരുടെ അവകാശങ്ങൾ പരിശോധിച്ചു മാത്രമേ ഇൻറിഗ്രേഷൻ നടക്കുകയുള്ളു എന്നുള്ളതിനു് സംശയമില്ല.

നല്ലേപ്പിള്ളിയിലെ ഇലക്ട്രിസിറ്റി

*൯൭. (൨൦) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

നല്ലേപ്പിള്ളി പഞ്ചായത്തിലെ ഇലക്ട്രിക്ക വിളക്കുകൾ സ്ഥാപിച്ചതിനെപ്പറ്റി ഗവണ്മെൻറിലേക്കു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ? പ്രസിഡൻറിൻറെ വീട്ടിനു് മൻവശത്തു മാത്രം ഏറ്റവും പ്രകാശം കൂടിയ വിളക്കു കത്തിക്കുവാൻ പ്രത്യേകം കല്പനകൊടുത്തിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) അപ്രകാരം ഒരു പരാതി ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽ കിട്ടിയിട്ടില്ല. 15 ഇലക്ട്രിക്ക് വിളക്കുകൾ കൂടുതൽ വേണമെന്നു പഞ്ചായത്തു് ആവശ്യപ്പെട്ടിട്ടുണ്ടു്. പ്രസിഡൻറിൻറെ വീടിനുമൻവശംമാത്രം ഏറ്റവും പ്രകാശം കൂടിയ വിളക്കു കത്തിക്കുവാൻ പ്രത്യേകം കല്പന കൊടുത്തിട്ടില്ല.

Sri. P. Balakrishnan Tampi : In view of importance of the Prsidentship of the Panchayat referred to would Government be pleased to make arrangements for putting up a very bright light in the front yard of the President's house? (Laughter)

No. answer.

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രവർത്തനത്തിനുള്ള രൂപകം

*൯൦൪. (൨൧) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ —

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രവർത്തനത്തിനുള്ള രൂപകം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പബ്ലിക്ക് സർവ്വീസിൽ പ്രാതിനിദ്ധ്യം ഇല്ലാത്ത സമുദായങ്ങളുടെ അവശതകൾ പരിഹരിക്കുവാൻ എന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ടു്.

(ബി) പ്രത്യേക വ്യവസ്ഥകളെ സംബന്ധിച്ചു ഗവണ്മെൻറു് ആലോചിച്ചു വരിയാണു്.

LIBRARY ARCHIVES Kerala Legislative Assembly